മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നം. (*151)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്കെതിരായി ഞങ്ങളുടെ നാല് സഹപ്രവർത്തകരായ എം.എൽ.എ.-മാർ നാലാമത്തെ ദിവസവും സത്യാഗ്രഹസമരവുമായി മുന്നോട്ടുപോകുകയാണ്. ഇന്നലെ ബഡ്ജറ്റിന് മറുപടി നൽകിയ ധനകാര്യ വകുപ്പുമന്ത്രി നികുതി നിർദ്ദേശങ്ങൾ പിൻവലിച്ചില്ലെന്ന് മാത്രമല്ല; സമരം ചെയ്യുന്ന ഞങ്ങളുടെ സഹപ്രവർത്തകരെ പരിഹസിക്കുകയും അപമാനിക്കുകയും ചെയ്ത സാഹചര്യമാണ്. ഈ നികുതി നിർദ്ദേശങ്ങൾ കേരളത്തിലെ ജനങ്ങളെ ഗൗരവതരമായി ബാധിക്കുന്ന, അവരുടെ ജീവിതക്രമത്തെ താളംതെറ്റിക്കുന്നതാണ്. അതുകൊണ്ട് ഞങ്ങളുടെ ശക്തമായ പ്രതിഷേധം തുടരുകയാണ്. ഞങ്ങൾക്ക് ഈ സഭാനടപടികളുമായി യോജിച്ചുപോകാനുള്ള ഞങ്ങളുടെ ശക്തമായ വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തുകയാണ്.

## ലഹരി ഉപയോഗം തടയുന്നതിന് നടപടി

1(*151) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. വിജിൻ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കളുടെയിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നുവെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ വിമാനത്താവളം, ട്രെയിൻ എന്നീ മാർഗ്ഗങ്ങളിലൂടെയും അതിർത്തി ചെക്ക്പോസ്റ്റുകൾ കടന്നും മയക്കുമരുന്ന് എത്തിക്കുന്നത് തടയുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് വിംഗ് പോലീസിന്റെയും മറ്റ് സേനകളുടെയും സഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(ബി) എക്സൈസ് എൻഫോഴ്സ്മെന്റ് സേനയെ വിപുലീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മയക്കുമരുന്ന് കടത്തുസംഘങ്ങൾ മാഫിയയായി വളർന്നുവെന്ന് കരുതാവുന്ന സാഹചര്യത്തിൽ ഇത്തരം സംഘങ്ങളുടെ പ്രവർത്തനം ഉന്മൂലനം ചെയ്യുന്നതിന് കൂടുതൽ ഫലപ്രദമായ നിയമനിർമ്മാണത്തിന്റെ സാധ്യത പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) വിമാനത്താവളം വഴിയും ട്രെയിൻ മാർഗ്ഗവും

അതിർത്തി ചെക്ക്പോസ്റ്റുകൾ വഴിയും മയക്കുമരുന്ന് എത്തിക്കുന്നത് തടയുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് വിംഗ്, പോലീസ്, റെയിൽവേ സുരക്ഷാസേന, കസ്റ്റംസ് തുടങ്ങിയ ഏജൻസികളുമായും വനം വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനതല സേനാവിഭാഗങ്ങളുമായി ചേർന്നും മറ്റു സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് സേനകളുമായി ചേർന്നും സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നുണ്ട്. മയക്കുമരുന്ന് എത്തിക്കുന്നത് തടയുന്നതിനായി രഹസ്യവിവരങ്ങൾ യഥാസമയം ഇത്തരം സേനാവിഭാഗങ്ങളുമായി പരസ്പരം കൈമാറുകയും കേസുകൾ കണ്ടെടുക്കുകയും ചെയ്യുന്നു.

എക്സൈസ് വകുപ്പ് എൻ.സി.ബി, കോസ്റ്റ്ഗാർഡ്, റവന്യൂ ഇന്റലിജൻസ്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കിയിട്ടുള്ളതും ആയതുവഴി രഹസ്യവിവരങ്ങൾ കൈമാറുകയും ചെയ്യുന്നു. സംശയമുള്ള വ്യക്തികൾ, വാഹനങ്ങൾ എന്നിവ രഹസ്യമായി നിരീക്ഷിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ മഫ്തിയിൽ നിയോഗിച്ച് വരുന്നുണ്ട്. അതിർത്തിപ്രദേശങ്ങളിൽ രാത്രികാല വാഹനപരിശോധന ശക്തിപ്പെടുത്തുകയും മുന്നറിയിപ്പില്ലാതെ കോമ്പിംഗുകൾ നടത്തിവരുകയും

ചെയ്യുന്നു. ഉത്സവ സീസണുകളിലും മറ്റും സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിച്ച് ഇതര സേനാവിഭാഗങ്ങളുമായി ചേർന്നും വകുപ്പുതലത്തിലും പ്രത്യേക ടീം രൂപീകരിച്ചും പരിശോധനകൾ നടത്തുന്നു. ലഹരി ഉപയോഗിക്കുന്ന കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിനായി Abon Drug Test Kit ഉപയോഗിച്ചുള്ള പരിശോധന നടത്തുന്നു. ' Save the Spring' എന്ന പേരിൽ പ്രത്യേക പരിശോധന എല്ലാ മാസവും റെയ്ഞ്ച് അടിസ്ഥാനത്തിൽ നടത്തിവരുന്നു.

(ബി) ഉണ്ട്. വകുപ്പിലെ പഴക്കംചെന്ന വാഹനങ്ങൾ മാറ്റി പുതിയവ നൽകുന്നതിന് പുതിയതായി 33 വാഹനങ്ങൾ ഈ വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുതിയ റേഞ്ച് ഓഫീസുകളും ജനമൈത്രി സ്ക്വാഡുകളും രൂപീകരിക്കുന്നതിനുള്ള ശിപാർശയും ട്രൈബൽ മേഖലയിലെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കൾക്കായി 100 അധികതസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശയും സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് നാല് ജില്ലകളിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയമായി പ്രതികളെ ചോദ്യം ചെയ്യുന്നതിനായി 3 സോണുകളിലായി 3 ആധുനിക ചോദ്യം ചെയ്യൽ മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ഐ.ടി. സെൽ ശാക്തീകരിക്കുകയും സൈബർ സെൽ ആധുനികവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. സൈബർ സെല്ലിലെ ഉദ്യോഗസ്ഥർക്ക് C-DAC, Cyber Dom എന്നിവിടങ്ങളിൽ പരിശീലനം നൽകി. Central Academy for Police Training ഭോപ്പാലിൽ പരിശീലനത്തിന് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന എക്സൈസ് വകുപ്പിന്റെ സേവനങ്ങൾ NIC Delhi-യുടെ സഹായത്തോടെ Service Plus എന്ന വെബ് ആപ്ലിക്കേഷൻ മുഖാന്തരം ഓൺലൈൻ ആക്കുകയുണ്ടായി. നിലവിൽ 114 സേവനങ്ങൾ Service Plus മുഖാന്തരം നൽകുന്നുമുണ്ട്. വകുപ്പിന്റെ ദൈനംദിന ആവശ്യത്തിനായി എൻഫോഴ്സ്മെന്റ് വിവരങ്ങൾ വേഗത്തിൽ ക്രോഡീകരിക്കുന്നതിനായി Excise Crime Drive, 2005 മുതലുള്ള കേസുകളുടെ വിവരങ്ങൾ ഉൾകൊള്ളിച്ച SEEC തുടങ്ങിയവ വികസിപ്പിച്ചു.

(സി) സംസ്ഥാനത്ത് മയക്കുമരുന്നിന്റെ വിപണനം, ഉപയോഗം, ഉല്പാദനം, കടത്തൽ, നിർമ്മാണം, വാങ്ങൽ, സൂക്ഷിക്കൽ, ഒളിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രതികളെ വീണ്ടും കുറ്റകൃത്യത്തിൽ ഏർപ്പെടാതിരിക്കുവാൻ കരുതൽ തടങ്കലിൽ വയ്ക്കുന്നതിന് എൻ.ഡി.പി.എസ്. ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി PIT NDPS Act പ്രകാരം 63 കുറ്റവാളികളെ കരുതൽ തടങ്കലിൽ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് Juvenile Justice (Care and Protection of Children) Act 2015, വകുപ്പ് 77 & 78 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി അധികാരപ്പെടുത്തുന്ന രീതിയിൽ ആക്ട് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

NDPS Act-ൽ കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. കണ്ടെടുക്കുന്ന കേസുകൾ Small

Quantity ആണെങ്കിൽ ജാമ്യം ലഭിക്കാവുന്നവയാണ്. അതിനാൽ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

COTPA നിയമപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങൾ വില്പന നടത്തുന്നത് നിരോധിക്കപ്പെട്ടിട്ടുണ്ട്. മേൽ ദൂരപരിധി 500 മീറ്ററായി ഉയർത്തുവാൻ കേന്ദ്ര സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. എം. മുകേഷ്</u>: സർ, മയക്കുമരുന്ന് കേസുകളിലുൾപ്പെട്ട പ്രതികളെ കരുതൽ തടങ്കലിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, മയക്കുമരുന്ന് കേസുകളിലുൾപ്പെട്ട പ്രതികളെ കരുതൽ തടങ്കലിൽ സൂക്ഷിക്കുന്നതിനുള്ള നടപടി തീർച്ചയായും സ്വീകരിക്കും. സംസ്ഥാനത്ത് മയക്കുമരുന്നിന്റെ വിപണനം, ഉപയോഗം, ഉല്പാദനം, കടത്തൽ, നിർമ്മാണം, സൂക്ഷിക്കൽ, ഒളിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലേർപ്പെടുന്ന പ്രതികൾ വീണ്ടും അതിലേർപ്പെടാതിരിക്കാൻ കരുതൽ തടങ്കലിൽ വയ്ക്കുന്നതിന് NDPS ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി PIT

NDPS ആക്ട് പ്രകാരം 63 കുറ്റവാളികളെ കരുതൽ തടങ്കലിൽ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരികയാണ്.

ശ്രീ. എം. മുകേഷ്: സർ, സ്കൂൾ പരിസരങ്ങളിൽ ലഹരിവസ്തുക്കൾ വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. എം. ബി. രാജേഷ്: സർ, സ്കൂൾ പരിസരങ്ങളിൽ ചില കടകളിൽ ലഹരിവസ്തുക്കൾ, നിരോധിത പുകയില ഉല്പന്നങ്ങൾ എന്നിവ വില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ പരിശോധന എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നു. സ്കൂളുകളുടെ പ്രവർത്തനസമയം ആരംഭിക്കുന്നതിന് മുമ്പും കുട്ടികൾ സ്കൂളുകളിൽനിന്നും പോകുന്ന സമയത്തും സ്കൂൾ പരിസരങ്ങളിലെ കടകൾ, കുട്ടികളുപയോഗിക്കുന്ന ബസ് സ്റ്റാന്റ് പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ ആകസ്മിക പരിശോധനകൾ നടത്തിക്കൊണ്ടിരിക്കുന്നു. ഈ തരത്തിൽ പരിശോധന നടത്തിയതിൽ 517 COTPA കേസുകളും 6 NDPS കേസുകളും കണ്ടെടുത്തിട്ടുണ്ട്. COTPA കേസുകളിൽ വളരെ കുറഞ്ഞ ഫൈനായ 200/- രൂപയാണ് ചുമത്തുന്നത്.

ഇത്തരം പ്രവണതകൾ തടയുന്നതിന് കടകൾക്കെതിരെ തദ്ദേശസ്വയംഭരണ വകുപ്പും എക്സൈസ് വകുപ്പും സംയുക്ത നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. സ്ഥിരമായി COTPA കേസുകളിലുൾപ്പെടുന്ന കടകളെ സംബന്ധിച്ചുള്ള റിപ്പോർട്ട് എക്സൈസ് വകുപ്പ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് നൽകുകയും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ ഇത്തരം കടകളുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ഇതുവരെ സംസ്ഥാനത്ത് 12 കടകളുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, സമൂഹത്തെയാകെ കാൻസർ പോലെ കാർന്നു തിന്നുന്നതും പ്ലേഗ് പോലെ പടരുന്നതും ഭീകരവും അതീവഗുരുതരവുമായ ലഹരിക്കെതിരെ കേരളീയ സമൂഹത്തെയാകെ ഒന്നിച്ച് അണിനിരത്തിക്കൊണ്ട് നടത്തുന്ന ജനകീയ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റിനെയും പ്രത്യേകിച്ച് എക്സൈസ് വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. ലഹരിക്കെതിരെയുള്ള അതീവ ഗുരുതരമായ ഒരു

ചോദ്യവുമായി മുന്നോട്ട് പോകുമ്പോൾ അതിനെതിരെ ഈ സഭയെത്തന്നെ മോശപ്പെടുത്തുന്ന രൂപത്തിലേയ്ക്കാണ് യു.ഡി.എഫ്. പോകുന്നത്. എന്റെ ചോദ്യം ഇതാണ്. ഊടുവഴികളിലൂടെ അതിർത്തി കടന്നുവരുന്ന മയക്കുമരുന്ന് തടയാനാവശ്യമായ പ്രതിരോധപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എം. ബി. രാജേഷ്: സർ, തമിഴ്നാട്, കർണ്ണാടക അതിർത്തികൾ പങ്കിടുന്ന പ്രദേശങ്ങളിൽ എക്സൈസ് വകുപ്പിന്റെ 41 ചെക്ക്പോസ്റ്റുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. എന്നാൽ അതിർത്തി പ്രദേശങ്ങളിൽ പുതിയ റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കപ്പെടുന്ന അവസരങ്ങളിൽ മറ്റ് ചെറിയ റോഡുകൾ വഴി ലഹരിവസ്തുക്കളുടെ നിയമവിരുദ്ധമായ കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിന് അതിർത്തി പ്രദേശങ്ങളിൽ വാഹനപരിശോധനയും പട്രോളിംഗും ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) എന്ന പേരിൽ പുതിയൊരു സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടം തിരുവനന്തപുരം ജില്ലയുടെ അതിർത്തിപ്രദേശമായ നെയ്യാറ്റിൻകര താലൂക്ക്

കേന്ദ്രീകരിച്ച് ഉടനെ പ്രവർത്തനമാരംഭിക്കും. നാല് പുതിയ വാഹനങ്ങൾ ഇതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്.

ശ്രീ. എം. വിജിൻ: സർ, ലഹരിക്കെതിരായ ജനകീയപോരാട്ടം ഏറ്റവും ശക്തമായി ഏറ്റെടുത്ത് നടത്തുന്ന പിണറായി സർക്കാരിനെ ഈ ഘട്ടത്തിൽ അഭിനന്ദിക്കുകയാണ്. സോഷ്യൽ മീഡിയ പോലെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളാണ് മയക്കുമരുന്ന് വിപണനങ്ങൾക്കായി ഇത്തരം ശൃംഖലകൾ (മയക്കുമരുന്നിന് നേതൃത്വം കൊടുക്കുന്ന ചില കണ്ണികൾ) ഉപയോഗപ്പെടുത്തുന്നത് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, തീർച്ചയായും ആ വെല്ലുവിളി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മാത്രമല്ല, സർക്കാർ അത് നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സാമൂഹിക മാധ്യമങ്ങൾ Darknet എന്നിവ ഉയർത്തുന്ന വെല്ലുവിളികൾ വളരെ ഗൗരവമുള്ളതാണ്. ഇവയെ നേരിടുന്നതിനായി XRY, MSAB office, Mobile forensic തുടങ്ങിയ സോഫ്റ്റ് വെയറുകൾ എക്സൈസ് വകുപ്പിനായി വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേസുകളുടെ

അന്വേഷണം ഫലപ്രദമായി നടത്തുന്നതിന് സഹായകരമായ വിധത്തിൽ സൈബർ സെല്ലിനെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിലേയ്ക്കായി CDR അനലൈസറുകൾ വാങ്ങി എല്ലാ ഡിവിഷനുകളിലും വിതരണം ചെയ്തിട്ടുണ്ട്. സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് C-DAC, Cyber Dom എന്നിവിടങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഭോപ്പാലിലെ Central Accademy For Police Training-ലും ഇതുസംബന്ധിച്ച് പരിശീലനം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, വളരെ പ്രധാനപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചാണ് ചോദ്യങ്ങളുന്നയിക്കുന്നത്. ജനങ്ങൾക്ക് അറിയാൻ താല്പര്യമുള്ള കാര്യവുമാണ്. ഈ സന്ദർഭത്തിൽ ജനാധിപത്യവിരുദ്ധമായി ജനങ്ങൾ തള്ളിക്കളഞ്ഞ ഒരു സമരത്തിന്റെ പേരിൽ സ്പീക്കറെപ്പോലും ഞങ്ങൾക്ക് കാണാൻ കഴിയാത്തതരത്തിൽ ബാനറെല്ലാം പിടിച്ചുനിൽക്കുന്നത് വളരെ മോശമായ കാര്യമാണെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ പിടിക്കപ്പെടുന്നവർ മിക്കവാറും അതിന്റെ കണ്ണികൾ മാത്രമാണ്. പ്രധാന

ഉറവിടങ്ങൾ മാഫിയകളും മറ്റുമാണ്. ആ ഉറവിടങ്ങളിലേയ്ക്ക് അന്വേഷണം എത്തിച്ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; അതുപോലെതന്നെ ഒരു പ്രാവശ്യം പിടിക്കപ്പെടുന്നവർ ആ ഒഫൻസ് ആവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതെല്ലാം തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാനാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഒരിക്കൽ പിടിക്കപ്പെടുന്നവർ വീണ്ടും കുറ്റകൃത്യം ആവർത്തിക്കുന്നത് തടയുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് നേരത്തെ വിശദീകരിച്ചതുപോലെ കരുതൽ തടങ്കൽ ഉൾപ്പെടെയുള്ള നടപടികളിലേയ്ക്ക് സർക്കാർ കടന്നിരിക്കുന്നത്. നിലവിൽ പിടിക്കുന്ന മയക്കുമരുന്നിന്റെ അളവ് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ മൂന്നായി തിരിച്ചിട്ടുണ്ട്. Small Quantity ആകുമ്പോൾ അതിന് പെട്ടെന്നുതന്നെ ജാമ്യം കിട്ടും. അതുകൊണ്ട് ഇതിന്റെ മുഴുവൻ അളവ് പുനർനിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന്റെ നിയമത്തിൽ ഭേദഗതി ചെയ്യാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ സഭയിൽ വിശദീകരിച്ചതുപോലെ മയക്കുമരുന്ന് പ്രധാനമായും കേരളത്തിന്

പുറത്തുനിന്നാണ് വരുന്നത്. പുറത്തുനിന്ന് വരുന്ന മയക്കുമരുന്ന് തടയാൻ അതിർത്തിയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനപ്പുറത്തേയ്ക്ക് പോയി കേരളത്തിലെ എക്സൈസിന് കണ്ടെത്തുന്നതിന് ചില പരിമിതികൾ ഉണ്ടെങ്കിലും ആ പരിമിതികൾക്കകത്തുനിന്നുകൊണ്ടുതന്നെ മറ്റു സംസ്ഥാനങ്ങളിൽ പോയും കേസുകൾ പിടിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ എക്സൈസും പോലീസുമായി നിരന്തരമായിട്ടുള്ള ഏകോപനത്തിലൂടെ ഇത്തരം ലഹരിമാഫിയകളുടെ വേരുകൾ കണ്ടെത്താനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

**ഭക്ഷ്യ വിഷബാധക്കെതിരായി സ്വീകരിച്ച പ്രതിരോധ നടപടി**

(*152) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ ഭക്ഷ്യ വിഷബാധക്കെതിരെ സ്വീകരിച്ച പ്രതിരോധ നടപടി വിശദമാക്കാമോ;

(ബി) ഭക്ഷ്യ വിഷബാധക്കെതിരെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന്

വിശദമാക്കാമോ;

(സി) ഭക്ഷ്യ വിഷബാധക്കെതിരെ എന്തൊക്കെ കർശന നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (....ബഹളം.....) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 281-ന്റെ നഗ്നലംഘനമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇവിടെ നടത്തുന്നത്. (....ബഹളം.....)

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രധാന ലക്ഷ്യം സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക എന്നതാണ്. അതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സമെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സ്വീകരിച്ചുവരുന്നു.

നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിനിൽ ഉൾപ്പെടുത്തി ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെയുള്ള കാലയളവിൽ 64084 ഭക്ഷ്യ പരിശോധനകൾ നടത്തുകയും, പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 7138 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 4722 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,81,87,000/- രൂപ (ഒരു കോടി എൺപത്തി ഒന്ന് ലക്ഷത്തി എൺപത്തി ഏഴായിരം രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 കേസുകൾ തീർപ്പാവുകയും 7,48,65,300/- രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരമായി വകുപ്പ് നടത്തിവരുന്ന പരിശോധനകൾക്കുപുറമേ ചില പ്രത്യേക വിഷയങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകളും നടത്തിവരുന്നു.

അത്തരം സ്പെഷ്യൽ പരിശോധനകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഓപ്പറേഷൻ ഷവർമ്മ

ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ ഷവർമ്മ എന്ന പദ്ധതിയുടെ ഭാഗമായി മാത്രം 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 8224 പരിശോധനകൾ നടത്തുകയും 1081 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും 36,42,500 രൂപ (മുപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. സർക്കാർ അടുത്ത കാലത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ഷവർമ വിൽപ്പന നടത്തുന്ന ഭക്ഷ്യസ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് 2023 ജനുവരി 1 മുതൽ 22 വരെ 6689 പരിശോധനകളും 218 സ്റ്റാറ്റ്യൂട്ടറി

സാമ്പിളുകളും 1114 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയും 317 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും 834 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 902 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും ചെയ്തു.

ഓപ്പറേഷൻ ഫോസ്കോസ്

ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിവരുന്ന സ്റ്റാറ്റ്യൂട്ടറി പരിശോധനകളിൽ പല ഭക്ഷ്യ സ്ഥാപനങ്ങളും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടുന്നില്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് 26-09-2022 മുതൽ 30-09-2022 വരെ നടപ്പിലാക്കിയ സ്പെഷ്യൽ ഡ്രൈവാണ് ഓപ്പറേഷൻ ഫോസ്കോസ്. ഇതിന്റെ ഭാഗമായി 5764 പരിശോധനകൾ നടത്തുകയും 564 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 406 സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ് /രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ലൈസൻസ് മേളകളും ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു.

2022 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇത്തരത്തിലുള്ള 260 ക്യാമ്പുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഭക്ഷ്യ സുരക്ഷാ വകുപ്പ് നിലവിൽ വന്നതു മുതൽ 31-12-2022 തീയതി വരെ 123073 FSSAI ലൈസൻസുകളും 774183 രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഭക്ഷ്യ സുരക്ഷാ വകുപ്പ് നൽകിയിട്ടുണ്ട്.

<u>രാത്രികാല പ്രത്യേക പരിശോധന</u>

വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിയ്ക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ സർക്കിൾതലത്തിലും പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. വഴിയോരക്കടകളുടെ ഭക്ഷ്യ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രാത്രികാല പരിശോധനകളും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തിവരുന്നു.

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറൻറുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training

and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ 334 ട്രെയിനിംഗുകളിലായി ആകെ 13630 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി നടത്തിവരുന്ന ബേസിക് ഫോസ്റ്റാക് ട്രെയിനിങ് വഴി ഇതുവരെ 45,000-ലധികം പേർക്ക് പരിശീലനം നല്കിയിട്ടുണ്ട്. എല്ലാ ഭക്ഷണ ശാലകളിലെയും ഒരു സൂപ്പർവൈസർക്കാണ് പരിശീലനം നൽകുന്നത്. ഇപ്രകാരം പരിശീലനം ലഭിച്ചയാൾ മറ്റുള്ളവർക്ക് ട്രെയിനിങ് നൽകേണ്ടതുണ്ട്. ഈ പരിശീലന പദ്ധതി ഹോട്ടൽ, കാറ്ററിങ്, ഹൈ റിസ്ക് ഭക്ഷണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നവരുടെ പ്രവർത്തനത്തിൽ ഗണ്യമായ മാറ്റം കൊണ്ടുവരുന്നുണ്ട്. ആയതിനാൽ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യ വിഷബാധ പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി പച്ച മുട്ടയിൽ നിന്നുണ്ടാക്കുന്ന മയോണൈസിന് നിരോധനം ഏർപ്പെടുത്തുകയും മയോണൈസ് പാഴ്സലായി അധികമായി നല്കരുതെന്ന് നിർദ്ദേശം നല്കുകയും ചെയ്തു. ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ തുടങ്ങിയ ഭക്ഷണം കൈകാര്യം

ചെയ്യുന്ന സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുകയും പാഴ്സലായി നൽകുന്ന പാകം ചെയ്ത ഭക്ഷണം തയ്യാറാക്കിയ സമയവും ഉപയോഗിക്കേണ്ട സമയവുമില്ലാത്ത പാഴ്സലുകൾ നിരോധിക്കുകയും ചെയ്തു.

കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിൽ സംസ്ഥാന ജില്ലാ സർവെയിൻസ് ടീമിന്റെ നേതൃത്വത്തിലും ഭക്ഷ്യവിഷബാധ ഉൾപ്പെടെയുള്ള ഔട്ട് ബ്രേക്കുകൾ നിരീക്ഷിക്കുന്നുണ്ട്. ഭക്ഷ്യ വിഷബാധ സംബന്ധിച്ച വിവരം ലഭിക്കുന്ന മുറയ്ക്ക് തന്നെ പ്രാദേശികതലത്തിൽ മെഡിക്കൽ ഓഫീസറുടേയോ, മെഡിക്കൽ ഓഫീസർ നിയോഗിക്കുന്ന ആരോഗ്യ പ്രവർത്തകരുടേയോ നേതൃത്വത്തിൽ സ്ഥലം സന്ദർശനം നടത്തുകയും രോഗലക്ഷണമുള്ളവരുടെ പ്രാഥമിക വിവരശേഖരണം നടത്തി ജില്ലാ സർവെയിലൻസ് ഓഫീസറെ അറിയിക്കുന്നതാണ്. രോഗബാധിതർക്ക് ആവശ്യമുള്ള ചികിത്സയും മരുന്നുകളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജില്ലാ സർവ്വയിലൻസ് ഓഫീസർ രൂപീകരിക്കുന്ന ദ്രുതകർമ്മസേന ഫീൽഡ് സന്ദർശനം നടത്തി വിശദാംശങ്ങൾ ശേഖരിക്കുകയും എപ്പിഡമോളജിക്കൽ ഇൻവെസ്റ്റിഗേഷൻ

നടത്തി ഭക്ഷ്യവിഷബാധയുടെ ഉറവിടം കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഭക്ഷ്യ വിഷബാധ സ്ഥിതീകരിക്കുന്ന പക്ഷം ഭക്ഷ്യ സുരക്ഷാ വകുപ്പിനെ വിവരം അറിയിക്കുകയും ആവശ്യമെങ്കിൽ ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കുകയും ചെയ്യുന്നു. ഭക്ഷ്യ സാമ്പിളുകളുടെ പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ നിയമപരമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഭക്ഷ്യവിഷബാധ ഉണ്ടായിട്ടുള്ള പ്രദേശവും വിഷബാധ സാധ്യതയുള്ള ജനവിഭാഗത്തേയും തുടർന്നുള്ള രണ്ട് ഇൻകുബേഷൻ കാലഘട്ടങ്ങളിൽ നിരീക്ഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നു. ഇതുകൂടാതെ ഭക്ഷ്യ വിഷബാധ ഏൽക്കാതിരിക്കാൻ സ്വീകരിക്കേണ്ട ശീലങ്ങളും നടപടികളേയും കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചേർന്ന് നടത്തുകയും ഭക്ഷ്യവിഷബാധയുടെ കാരണം കണ്ടെത്തി അവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം ഏതെങ്കിലും തലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ഫുഡ് സേഫ്റ്റി 2006 ആക്ട്, പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകളാണുള്ളത്. ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗുകൾ എന്നിവ നടത്തിവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/ രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിളുകൾ ശേഖരിക്കൽ പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പരിശോധനകളുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി ഭക്ഷ്യ സാമ്പിളുകൾ NABL അംഗീകാരമുള്ള ലാബുകളിൽ ശാസ്ത്രീയമായ പരിശോധനകൾക്കായി എത്തിക്കുന്നു. പരിശോധനയിൽ Unsafe ആകുന്നവയ്ക്കെതിരെ പ്രോസിക്യൂഷൻ കേസുകളും Substandard ആകുന്നവയ്ക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകൾ RDO കോടതിയിലും ഫയൽ ചെയ്ത് നടപടികൾ തുടർന്നുവരുന്നു.

ഈ വർഷം 140 പഞ്ചായത്തുകളിൽ ഭക്ഷ്യ സുരക്ഷാ പഞ്ചായത്ത് പദ്ധതിയും 500 സ്കൂളുകളിൽ SNF@School പദ്ധതിയും നടത്തിവരുന്നു.

(സി) ഭക്ഷ്യ വിഷബാധ പോലെയുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ചില മാർഗ്ഗനിർദ്ദേശങ്ങൾ ഭക്ഷ്യ സംരംഭകർക്ക് കർശനമായി നൽകിയിട്ടുണ്ട്. ഷവർമ്മയുടെ ഒപ്പം നൽകുന്ന മയോണൈസ് പച്ച മുട്ട ഉപയോഗിച്ച് നിർമ്മിക്കുന്നതിനാൽ സൂക്ഷ്മാണുക്കൾ ഉണ്ടാകാനുള്ള സാദ്ധ്യത കൂടുതലാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പച്ച മുട്ട ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവായിട്ടുണ്ട്. വെജ് മയോണൈസ് അല്ലെങ്കിൽ പാസ്ച്യുറൈസ് ചെയ്ത മുട്ട ഉപയോഗിച്ച് മാത്രമേ മയോണൈസ് നിർമ്മിക്കുവാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം സൂക്ഷിച്ചുവെച്ച് ഉപയോഗിക്കുന്നതായി മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതിയും സമയവും കൂടാതെ അവ ഉപയോഗിക്കാവുന്ന സമയം എന്നിവ രേഖപ്പെടുത്തണമെന്ന് ഉത്തരവ്

പുറപ്പെടുവിക്കുകയും ആയത് പരിശോധിച്ചുവരികയും ചെയ്യുന്നു. ഭക്ഷ്യ സ്ഥാപനങ്ങളിൽ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റോടുകൂടി മാത്രമേ പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ. ജീവനക്കാരുടെ ശാരീരിക പരിശോധന നടത്തി നിശ്ചിത മാതൃകയിൽ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും പുതുക്കേണ്ടതാണ്. പകർച്ചവ്യാധി, ത്വക്ക് രോഗം എന്നിവ ഇല്ലായെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ ജീവനക്കാരെ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് അനുവദിക്കുകയുള്ളൂ. ഈ സാഹചര്യത്തിലാണ് മെഡിക്കൽ സർട്ടിഫിക്കറ്റ് എല്ലാവർക്കും ഉണ്ടെന്ന് ഉറപ്പാക്കാൻ കർശന നിർദ്ദേശം നൽകിയത്. എല്ലാ ജില്ലകളിലും പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെയും വൃത്തിഹീനമായും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിർത്തി വയ്പ്പിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തുണ്ടാകുന്ന ഭക്ഷ്യ വിഷബാധ പോലുള്ള അടിയന്തര ഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികൾ എടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിന്

മുമ്പുതന്നെ തടയുന്നതിനുമായി രഹസ്യസ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, (....ബഹളം.....) നമ്മുടെ നാട്ടിലെ ജനങ്ങളിൽ ഭക്ഷ്യവിഷബാധയെക്കുറിച്ച് ഭയമുണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ ധാരാളം നടക്കുന്നുണ്ട്. ഭക്ഷ്യയോഗ്യമല്ലാത്ത ആഹാരസാധനങ്ങൾ കണ്ടെത്തുകയും കടകളുടെ പേരിൽ നടപടിയെടുക്കുമെന്ന് പറയുകയും ചെയ്യുന്നുണ്ടെങ്കിലും പരിശോധന നടക്കുന്ന കടകൾ യാതൊരു ശുചിത്വമില്ലാതെയും പ്രശ്നം പരിഹരിക്കപ്പെടാതെയും അന്നോ അല്ലെങ്കിൽ അടുത്തദിവസമോ തുറന്നുപ്രവർത്തിക്കുന്ന അവസ്ഥയാണ്. (....ബഹളം.....) പിടിക്കുന്ന കടകളുടെ മോശമായ അവസ്ഥ ഉദ്യോഗസ്ഥർക്കും അറിയാം. അതിനാൽ അത് പരിഹരിച്ചുകൊണ്ട് വീണ്ടും തുറക്കാനുള്ള നടപടി സ്വീകരിക്കുമോ; അന്നോ തൊട്ടടുത്ത ദിവസമോ തുറക്കുന്നതിൽനിന്നും വ്യത്യസ്തമായി പതിനഞ്ച് ദിവസമെങ്കിലും അടച്ചിടുന്നതിനുള്ള നിയമ ഭേദഗതി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൊണ്ടുവരാൻ കഴിയുമോ?

ശ്രീമതി വീണാ ജോർജ്: സർ, (....ബഹളം.....) 2006-ലാണ് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നത്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നത്. (....ബഹളം.....)

മി. സ്പീക്കർ: (...ബഹളം....) പ്ലീസ് ... Go to the seat, please.... (....ബഹളം.....)

ശ്രീമതി വീണാ ജോർജ്: സർ, (...ബഹളം....) ഈ കാലഘട്ടത്തിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പരിശോധനകൾ കർശനമായി നടപ്പിലാക്കുന്നതിനാണ് ശ്രമിക്കുന്നത്. ഞാൻ കഴിഞ്ഞ ദിവസങ്ങളിൽ നിയമസഭയിൽ അവതരിപ്പിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. നമുക്ക് 140 സർക്കിളുകളാണുള്ളത്. ഇവിടെയുള്ള ഉദ്യോഗസ്ഥരെക്കൂടാതെ ഇപ്പോൾ പുതുതായി സ്റ്റേറ്റ് തലത്തിൽ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട കാര്യം പരിശോധനകൾ നടത്തുന്നുവെന്നത് മാത്രമല്ല അതിനുശേഷം നിയമപരമായി സ്വീകരിക്കേണ്ട അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ

നടപടികൾ കൃത്യമായി സ്വീകരിക്കുന്നുവെന്നത് ഉറപ്പാക്കേണ്ടതുണ്ട്. നിയമപ്രകാരവും 2011-ലെ റൂൾസ് ആൻഡ് റെഗുലേഷൻസ് പ്രകാരവും റെസ്റ്റോറന്റ്, ഹോട്ടൽ, ഭക്ഷണശാലകൾ എന്നിവിടങ്ങളിൽ നിയമത്തിനെതിരായി വൃത്തിരഹിതമായ/കാലപ്പഴക്കമുള്ള/ മായംചേർത്ത ഭക്ഷണം കണ്ടെടുക്കുന്ന സാഹചര്യത്തിൽ ഇമ്മീഡിയറ്റായി ആ സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള അധികാരം അതത് ഫുഡ് സേഫ്റ്റി ഓഫീസർമാർക്കുണ്ട്. (...ബഹളം....) അപ്രകാരം റദ്ദാക്കിയ ലൈസൻസ് തിരികെ ലഭിക്കുന്നത് പ്രയാസകരമായിരിക്കും. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ താൽക്കാലികമായി 15 ദിവസത്തേയ്ക്ക് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിന് സാധിക്കും. ഈ കാലഘട്ടത്തിൽ ഇത്തരം നടപടികൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി രണ്ടുമൂന്ന് കാര്യങ്ങൾ നിരീക്ഷിക്കുന്നുണ്ട്. ഒന്ന്, ഓൺലൈനിലൂടെ മാത്രമേ എല്ലാ നടപടികളും എൻഫോഴ്സ്മെന്റ് ആക്റ്റിവിറ്റീസും നടത്താൻ പാടുള്ളൂ എന്നതാണ്. അതായത് കമ്മീഷണറുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് ഉണ്ടാകും. താൽക്കാലികമായി ലൈസൻസ് സസ്പെൻഡ് ചെയ്താൽ കമ്മീഷണറുടെ അനുമതിയോടുകൂടി മാത്രമേ അത്തരം

സ്ഥാപനങ്ങൾക്ക് പിന്നീട് തുറന്നുപ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഒരു സ്ഥാപനം അടപ്പിച്ചാൽ അതേ സ്ഥാപനം മറ്റൊരു പേരിൽ മറ്റൊരിടത്ത് പ്രവർത്തിക്കുന്നുവെന്നതാണ് ചിലയിടങ്ങളിൽ കണ്ടിട്ടുള്ളത്. അതുവളരെ കുറ്റകരമായൊരു കാര്യമാണ്. ഈ നിയമം കൃത്യമായി നടക്കുന്നുണ്ടെന്നത് ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസിന്റെ തുടർച്ചയായ നടപടിക്രമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ കമ്മീഷണറേറ്റിൽ ഒരു നിയമ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് ഈ നടപടികളിലെ കൃത്യത ഉറപ്പുവരുത്തുന്നുണ്ട്. (....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.. ഇത് വളരെ ബേർണിംഗ് ഇഷ്യൂ ആണ്. പ്ലീസ്... പ്ലീസ്.. വളരെ ബേർണിംഗ് ഇഷ്യൂ ആണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, സാധാരണയായി പുതിയ ഹോട്ടലുകൾ ആരംഭിക്കാൻ പഞ്ചായത്തിന്റെ അനുമതിയാണ് വാങ്ങുന്നത്. അതിന് സമാന്തരമായി ഫുഡ് സേഫ്റ്റി വകുപ്പ് നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ, ഒരു ഹോട്ടൽ തുടങ്ങുന്നതിന് എത്ര ഫ്രീസർ/ഫ്രിഡ്ജ് വേണം, എങ്ങനെ ഫുഡ് സൂക്ഷിക്കണം എന്നതിനെക്കുറിച്ചെല്ലാം ഒരു

മാനദണ്ഡം പ്രസിദ്ധീകരിക്കുകയും ആ മാനദണ്ഡമനുസരിച്ച് ഓൺലൈനിൽത്തന്നെ ഫുഡ് സേഫ്റ്റി പരിശോധിച്ച് അംഗീകാരം കൊടുക്കുന്ന സംവിധാനം കൊണ്ടുവരികയും അതോടൊപ്പം പലപ്പോഴും പരിശോധന നടക്കുന്നിടത്തുനിന്ന് പല കേസ്സുകളും വിട്ടുപോവുകയാണ്. കോടതിയിലെത്തുമ്പോൾ ഫുഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട കേസ്സുകൾ വിട്ടുപോവുകയാണ്. അതിനാൽ സാമ്പിൾ എടുക്കുമ്പോൾത്തന്നെ പരിശോധന നടത്തുന്നതിനുള്ള മൊബൈൽ ലാബുകൾ അവരോടൊപ്പം പോകുകയും സ്പോട്ടിൽത്തന്നെ സാമ്പിളുകൾ പരിശോധിച്ച് റിസൽട്ട് കണ്ടെത്താൻ കഴിയുന്ന മൊബൈൽ യൂണിറ്റുകൾ ധാരാളമായി തുടങ്ങാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. പലപ്പോഴും പാൽ ഉൾപ്പെടെയുള്ള ഭക്ഷണപദാർത്ഥങ്ങളിലെ വിഷാംശം സമയം കഴിഞ്ഞ് പരിശോധിക്കുമ്പോൾ കണ്ടെത്താൻ കഴിയുന്നില്ല.

ശ്രീമതി വീണാ ജോർജ്: സർ, രണ്ടുകാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഒന്ന്, ലൈസൻസുമായി ബന്ധപ്പെട്ട കാര്യമാണ്. 12 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ആവശ്യമാണ്. പ്രസ്തുത തുകയ്ക്ക് താഴെ

വാർഷിക വരുമാനമുള്ള സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ മതിയാകും. ഏത് ഭക്ഷണശാല തുടങ്ങിയാലും, അത് ഹോട്ടലുകളോ റെസ്റ്റോറന്റുകളോ കാറ്ററിംഗ് സ്ഥാപനങ്ങളോ തട്ടുകടകളോ ഏതായാലും അവരുടെ വാർഷിക വരുമാനമനുസരിച്ചുള്ള ലൈസൻസോ രജിസ്ട്രേഷനോ ഉണ്ടാകണമെന്നത് നിർബന്ധമായ കാര്യമാണ്. ഈ കാലഘട്ടത്തിൽ ഇതിനുവേണ്ട പ്രത്യേക ഡ്രൈവുകൾ അതത് സർക്കിളുകളിൽ/ജില്ലകളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്നുണ്ട്. ഓൺലൈനായി അപേക്ഷിച്ച് ഇത്രദിവസത്തിനകം ലൈസൻസ് ലഭിച്ചാലും നിശ്ചിത ദിവസത്തിനുള്ളിൽ ഫിസിക്കലായി പരിശോധന നടത്തി എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ അത് റെക്ടിഫൈ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണമെന്നതാണ് ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് നൽകിയിരിക്കുന്ന നിർദ്ദേശം.

രണ്ടാമത്തേത്, സാമ്പിളുകൾ എടുക്കുന്നത് സംബന്ധിച്ചാണ്. ഭക്ഷ്യ സുരക്ഷ നിയമപ്രകാരം സാമ്പിളുകൾ എടുക്കുന്നതിന് ചില മാനദണ്ഡങ്ങളുണ്ട്. ഒന്ന്, 2006-ലെ ദേശീയ നിയമപ്രകാരം അതത് സർക്കിളുകളിലെ എഫ്.എസ്.ഒ.- മാർക്ക് മാത്രമാണ് ഫുഡ് സാമ്പിളുകൾ ശേഖരിക്കാൻ സാധിക്കുന്നത്. ഫുഡ് സാമ്പിളുകൾ ശേഖരിക്കുമ്പോൾ അവർ അത് സീൽ

ചെയ്യണം. ഓരോ എഫ്.എസ്.ഒ.-യ്ക്കും പ്രത്യേകം സീൽ ആണ്. അത് മറ്റൊരാൾക്ക് ഉപയോഗിക്കാൻ കഴിയില്ല. ആ സീൽ അനുസരിച്ച് സീൽ ചെയ്ത് കോൾഡ് ചെയിനിലാണ് അതത് ലാബുകളിലേയ്ക്ക് എടുക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് മൂന്ന് അക്രഡിറ്റഡ് അനലറ്റിക്കൽ ലാബുകളാണുള്ളത്. രാജ്യത്തുതന്നെ ആദ്യമായി ഇന്റഗ്രേറ്റഡ് അക്രഡിറ്റേഷൻ ലഭിച്ച മൂന്ന് ലാബുകളാണ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ളത്. നമ്മുടെ രാജ്യത്ത് ആദ്യമായി ഇന്റഗ്രേറ്റഡ് അക്രഡിറ്റേഷൻ ലഭിച്ചത് കേരളത്തിലെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മൂന്ന് ലാബുകൾക്കാണ്. അത് 2021 ഡിസംബർ, 2022 മാർച്ച് ഉൾപ്പെടെയുള്ള മൂന്ന് മാസങ്ങളിലാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. അതുപോലെ എല്ലാ ജില്ലകളിലും മൊബൈൽ ഭക്ഷ്യ സുരക്ഷാലാബുള്ള സംസ്ഥാനം കേരളമാണ്. ഈ സർക്കാരിന്റെ കാലത്ത് 6 മൊബൈൽ ഭക്ഷ്യ സുരക്ഷാ ലാബുകൾകൂടി അനുവദിച്ചിട്ടുണ്ട്. അപ്രകാരം എല്ലാ ജില്ലകളിലും ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. ഏതായാലും പൊതുജനാരോഗ്യത്തെ ബാധിക്കുന്ന വിഷയമെന്ന നിലയിൽ വളരെ കർശനമായിത്തന്നെ ഭക്ഷ്യസുരക്ഷാ പരിശോധനകൾ മുന്നോട്ടുകൊണ്ടുപോകാനാണ് വകുപ്പ് തീരുമാനിച്ചിട്ടുള്ളത്.

മി. സ്പീക്കർ: (....ബഹളം.....) പ്ലീസ്....പ്ലീസ്....Hon'ble LOP നിങ്ങളൊന്ന് ഫ്ലോർ ഓഡറാക്കൂ. പ്ലീസ്....പ്ലീസ്.... Hon'ble LOP പ്ലീസ്.... (....ബഹളം.....) I am not seeing you

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ):സർ, സാധാരണ ഗതിയിൽ ചെയറിന്റെ ഭാഗത്തുനിന്നും ഇത്തരം സംഭവങ്ങളുണ്ടായാൽ ചോദ്യോത്തര വേള സസ്പെൻഡ് ചെയ്യുകയാണ് ഇവിടത്തെ പ്രീസിഡന്റ്. അങ്ങ് അത് ചെയ്യണം... അങ്ങ് അത് ചെയ്യണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, സങ്കീർണ്ണമായ ഭക്ഷ്യവിഷബാധ ഭാവിയിലുണ്ടാകാതിരിക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട് താഴെ തട്ടിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥർ ആരാണ്; അവരുടെ എണ്ണം വർദ്ധിപ്പിക്കുന്ന നടപടി സ്വീകരിക്കാമോ; മറ്റ് വകുപ്പുകളുടെ സഹകരണം ഇക്കാര്യത്തിൽ തേടിയിട്ടുണ്ടോ എന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട ചെയറിനെ ഇവർ മറയ്ക്കുകയാണ്. ഇതുവരെ സഭയിൽ ഉണ്ടാകാത്ത

രീതിയിലുള്ള കാര്യമാണ് ഇവർ ചെയ്യുന്നത്. വളരെ പ്രതിഷേധാർഹമായ കാര്യമാണിത്. എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസിനെക്കുറിച്ച് വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. രാജ്യത്തുണ്ടായിരുന്ന പല നിയമങ്ങളെയും റദ്ദുചെയ്തുകൊണ്ട് ദേശീയ തലത്തിൽ ഒരു ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നത് 2006-ലാണ്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഫുഡ്സേഫ്റ്റി ഓഫീസർക്കാണ് എൻഫോഴ്സ്മെന്റ് ആക്ടിവിറ്റിയുടെ ഉത്തരവാദിത്വമുള്ളത്. സംസ്ഥാനത്ത് 140 സർക്കിളുകളാണുള്ളത്. ഈ 140 സർക്കിളുകളുടെയും ജിയോഗ്രഫിക്കൽ ഏരിയ ഓരോ നിയമസഭമണ്ഡലത്തിലുമാണ്. 140 നിയമസഭമണ്ഡലങ്ങൾ 140 സർക്കിളുകൾ എന്ന നിലയിലാണുള്ളത്. ദേശീയ ഭക്ഷ്യസുരക്ഷ നിയമപ്രകാരം ഫുഡ് സാമ്പിളുകൾ എടുക്കുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷ ഓഫീസർക്കാണുള്ളത്. എന്നാൽ സംസ്ഥാനത്തെ പഞ്ചായത്ത് രാജ്-പഞ്ചായത്ത് നഗരപാലിക നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ഭക്ഷണ ശാലകളിലെ ശുചിത്വം ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഞാനും ഇതുസംബന്ധിച്ച് ഒരു യോഗം ചേർന്നിരുന്നു. നിലവിൽ ഹോട്ടൽ, റസ്റ്റോറന്റ്, മറ്റേതെങ്കിലുമൊരു ഭക്ഷണശാല എന്നിവിടങ്ങളിലെ പൊതുവായ അന്തരീക്ഷം, ശുചിത്വം എന്നിവ ഉറപ്പാക്കുന്നതിനും അത് ലംഘിക്കപ്പെടുന്നുവെങ്കിൽ അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആരോഗ്യ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് സാധിക്കുന്നതുമാണ്. ഇത്തരത്തിലുള്ള ഏതെങ്കിലും ഫുഡ് സാമ്പിളുകൾ പരിശോധനക്കെടുക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് തോന്നുകയാണെങ്കിൽ ഭക്ഷ്യ സുരക്ഷാ വിഭാഗത്തെ അറിയിക്കാവുന്നതാണ്. ഇത്തരത്തിലൊരു സഹകരണം ഉറപ്പാക്കിക്കൊണ്ടാണ് രണ്ട് വകുപ്പുകളും മുന്നോട്ടുപോകുന്നത്. നിലവിൽ 140 സർക്കിളുകളിലായി 140 ഭക്ഷ്യ സുരക്ഷ ഓഫീസർമാരാണ് നമുക്കുള്ളത്. അതുകൂടാതെ ജില്ലാതലത്തിൽ അസിസ്റ്റന്റ് കമ്മീഷണർ ഉൾപ്പെടെയുള്ളവരുണ്ട്. സംസ്ഥാന തലത്തിൽ ജോയിന്റ് കമ്മീഷണർമാർ, ലാബുകളിലെ ഉദ്യോഗസ്ഥർ അതിനുമുകളിൽ കമ്മീഷണർ എന്നിങ്ങനെയുള്ള ഒരു ഘടനയാണുള്ളത്. ഏതാണ്ട് 750-ഓളം ഉദ്യോഗസ്ഥരാണ് ഭക്ഷ്യ

സുരക്ഷാ വിഭാഗത്തിൽ നിലവിലുള്ളത്. ഞാൻ നേരത്തെ ഉത്തരത്തിൽ പറഞ്ഞതുപോലെ, എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസ് സമയബന്ധിതമായി നടപ്പാക്കുന്നുണ്ട്. ഈ ഘട്ടത്തിൽ നമ്മൾ ചെയ്യുന്ന മറ്റൊരു കാര്യംകൂടിയുണ്ട്. ഈ പരിശോധനകൾ നടത്തി അഡ്ജ്യൂഡിക്കേഷൻ നടപടികളാണോ പ്രോസിക്യൂഷൻ നടപടികളാണോ സ്വീകരിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് തുടർനടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുവേണ്ടി സ്റ്റേറ്റുതലത്തിൽ ഒരു അദാലത്ത് സംഘടിപ്പിച്ച് കൃത്യമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. കമ്മീഷണറേറ്റ് തലത്തിൽ ഈ പ്രർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുവേണ്ടി ഒരു law ഓഫീസറെ ഇതുമായി ബന്ധപ്പെട്ട് നിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഏറ്റവും പ്രാധാന്യമുള്ള ഒരു വിഷയമാണ് ചോദിക്കുന്നത്. പ്രാകൃതമായി സഭാ നടപടികൾ അലങ്കോലപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ ഈ നടപടി പ്രതിഷേധാർഹമാണ്. ഇതൊരിക്കലും അനുവദിക്കാൻ പാടില്ല. കോടിക്കണക്കിന് ജനങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന

ചോദ്യത്തരവേളയാണിത്. ഇത് സുഗമമായി നടത്താനുള്ള സംവിധാനം ഒരുക്കേണ്ടത് അങ്ങയുടെ കടമയാണ്. ഭക്ഷ്യസുരക്ഷ വിഷയമെന്ന് പറയുന്നത്, ഹോട്ടലിൽനിന്ന് ഭക്ഷണം കഴിക്കാത്ത ഒരു വ്യക്തിയും ഇവിടെ ഇരിപ്പില്ല. ഭക്ഷ്യസുരക്ഷ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ ഗവൺമെന്റ് ശ്രമിക്കുമ്പോൾ, അങ്ങനെ ചെയ്യുന്ന മന്ത്രിയെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം തളർത്തുന്ന രീതിയിലുള്ള ഇവരുടെ പ്രവർത്തന ശൈലിയോടുള്ള വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തുകയാണ്. ഭക്ഷ്യസുരക്ഷ വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഭക്ഷ്യ സുരക്ഷാ വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പാക്കിവരുന്നത്. ഭക്ഷണശാലകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് നമുക്കറിയാം. കാലോചിതമായി നടത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങളെക്കുറിച്ച് ഞാൻ കഴിഞ്ഞ ദിവസം സഭയിൽ പരാമർശിച്ചിരുന്നു. പതിനാല് ജില്ലകളിലെയും ഹൈജീൻ റേറ്റിംഗിലേയ്ക്ക്

വന്നിട്ടുള്ള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്കരീതിയിലുള്ള ഒരു മൊബൈൽ ആപ്പ് (Eat Right Now App) ഡെവലപ്പ് ചെയ്തിട്ടുണ്ട്. ഇപ്പോൾ അത് പ്ലേ സ്റ്റോറിൽ available ആകുകയാണ്. അത് എത്രയുംപെട്ടെന്ന് ലോഞ്ച് ചെയ്യും. അതോടൊപ്പംതന്നെ നമ്മൾ ഒരു ഹോട്ടലിലോ റെസ്റ്റോറന്റിലോ പോയാൽ അവിടെ പഴകിയ ഭക്ഷണം/വൃത്തിഹീനമായ അന്തരീക്ഷമുണ്ടെങ്കിൽ അപ്പോൾതന്നെ ഒരു ഫോട്ടോയോ വീഡിയോയോ എടുത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിക്കത്തക്ക രീതിയിലുള്ള ഒരു ഗ്രീവൻസ് പോർട്ടലിനുകൂടി രൂപംകൊടുത്തിട്ടുണ്ട്. രണ്ടുമൂന്നു ദിവസത്തിനുള്ളിൽ അതും പൊതുജനങ്ങൾക്കായി സമർപ്പിക്കും. ഭക്ഷണശാലകളുമായി ബന്ധപ്പെട്ട് ആരോഗ്യപരമായ ഒരു മത്സരം ഉണ്ടാകുന്നതിനും സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള വലിയ ഇടപെടലായിട്ടാണ് ഹൈജീൻ റേറ്റിംഗിനെ വകുപ്പ് കാണുന്നത്. 'കേരളം സുരക്ഷിത ഭക്ഷണയിടം' എന്നതാണ് നമ്മുടെ ലക്ഷ്യം. ഇതിനായി തട്ടുകട മുതൽ എല്ലാ ഭക്ഷണശാലകളും വൃത്തിയുള്ളതും സുരക്ഷിതവുമായ ഭക്ഷണം നൽകുന്നുവെന്ന് ഉറപ്പാക്കുന്നതിനായി 'Clean Street - Food Hubs' ഉൾപ്പെടെയുള്ള

പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുകയാണ്. ഇപ്പോഴിത് നാലിടങ്ങളിൽ നടപ്പിലാക്കിക്കഴിഞ്ഞു. കൂടുതൽ തെരുവുകൾ സുരക്ഷിത ഭക്ഷണയിടങ്ങളായി മാറ്റുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. കേരളത്തിൽ ആഭ്യന്തര ടൂറിസ്റ്റുകളുടെയും വിദേശ ടൂറിസ്റ്റുകളുടെയും എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കേരളത്തിന്റെ രുചി വൈവിധ്യം അറിയുന്നതിനുവേണ്ടി ആളുകൾ ഇവിടെ എത്തുന്ന രീതിയിലുള്ള സുരക്ഷിത ഭക്ഷണയിടമായി കേരളത്തെ മാറ്റുകയെന്നതാണ് ലക്ഷ്യം. ഇതൊരു പൊതു ഉത്തരവാദിത്വമാണ്. ഇതിന്റെ ഭാഗമായിട്ടാണ് നിരവധി കാര്യങ്ങൾ ചെയ്യുന്നത്. ഇപ്പോൾ പുറത്തുപോയി ഭക്ഷണം കഴിക്കുന്നവരുടെയും പാഴ്സലുകൾ വാങ്ങുന്നവരുടെയും എണ്ണം കൂടിയിട്ടുണ്ട്. അതുകൊണ്ടാണ് പാഴ്സലുകളിൽ ഭക്ഷണം പാകം ചെയ്ത സമയവും അവ എത്ര മണിക്കൂറിനുള്ളിൽ ഉപയോഗിക്കണമെന്നതും കൃത്യമായി രേഖപ്പെടുത്തണമെന്ന നിബന്ധ നിർബന്ധമാക്കിയത്. പാഴ്സലിൽ രേഖപ്പെടുത്തിയിട്ടുള്ള സമയത്തിനുള്ളിൽതന്നെ ആ ഭക്ഷണം കഴിക്കുന്നുവെന്ന് ഉറപ്പാക്കണം. ഇതുകൂടാതെ നേരത്തെ സൂചിപ്പിച്ചതുപോലെ എല്ലാ പരിശോധനകളും എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസും

ഓൺലൈനാക്കിയിട്ടുണ്ട്. അതുപോലെ മൊബൈൽ ഭക്ഷ്യ പരിശോധനാ ലാബുകൾ എല്ലാ ജില്ലകളിലും സജ്ജമാക്കിയിട്ടുണ്ട്. അനലിറ്റിക്കൽ ലാബുകൾക്ക് ഇന്റഗ്രേറ്റഡ് അക്രഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്. ആ രീതിയിലുള്ള ആധുനികവൽക്കരണം ഭക്ഷ്യസുരക്ഷാ വകുപ്പുമായി ബന്ധപ്പെട്ട് നടത്തുന്നുണ്ട്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഇതെന്താണ്; സ്പീക്കറുടെ ഡയസിലേയ്ക്ക് കയറി നിൽക്കാൻ ശ്രമിക്കുന്ന പ്രതിപക്ഷ മെമ്പർമാരെ പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും പ്രോത്സാഹിപ്പിച്ച് കൊണ്ടിരിക്കുകയാണ്. കേരള ജനതയെ ഒറ്റു കൊടുക്കുന്നവരുടെ പരിശ്രമമാണ്. ഇത് അനുവദിക്കരുത്.

തലപ്പിള്ളി താലൂക്കാസ്ഥാനമായ വടക്കാഞ്ചേരി ടൗണിന്റെ ഹൃദയഭാഗത്ത് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പത്ത് സെന്റ് സ്ഥലവും ഒരു പഴയ കെട്ടിടവുമുണ്ട്. അതിലാണ് ഭക്ഷ്യസുരക്ഷ ഓഫീസ് പ്രവർത്തിക്കുന്നത്. ഈ ഓഫീസ് പുതുക്കിപ്പണിയുന്നതിന് ബഡ്ജറ്റിൽ 1.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വടക്കാഞ്ചേരിയിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സോണൽ ഓഫീസും ഒരു ലാബും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റു പ്രവർത്തനങ്ങൾക്കുമായി 7 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം സഭയിൽ അറിയിച്ചിരുന്നു. ഈ ഘട്ടത്തിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആവശ്യം പരിശോധിക്കുന്നതാണ്.

മി.സ്പീക്കർ: നിരവധി തവണ ചെയർ ആവശ്യപ്പെട്ടിട്ടും പ്രതിപക്ഷാംഗങ്ങൾ ഒരുതരത്തിലും ചെയറുമായി സഹകരിക്കാൻ തയ്യാറാകുന്നില്ല. ഇന്നത്തെ ചോദ്യോത്തരവേളയിൽ വളരെ റീസന്റായ ഇഷ്യൂസാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രതിപക്ഷാംഗങ്ങൾ സഹകരിക്കാത്തത് നിർഭാഗ്യകരമാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഇന്നത്തെ ചോദ്യോത്തരവേളയുടെ അവശേഷിക്കുന്ന ഭാഗം റദ്ദ് ചെയ്ത് മറ്റ് നടപടികളിലേക്ക് നീങ്ങുകയാണ്. ഇന്ന് ഷെഡ്യൂൾ ചെയ്തിട്ടുള്ള ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും അവയുടെ മറുപടികളും മേശപ്പുറത്തുവയ്ക്കേണ്ടതാണ്+.

(9.26-ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്തു.)

+ ശ്രദ്ധക്ഷണിക്കൽ, സബ്മിഷനുകൾ എന്നിവയുടെ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.